ജില്ലയിലും പഠന കേന്ദ്രങ്ങളായി തെരഞ്ഞെടുക്കപ്പെടുന്ന ഹയർ സെക്കണ്ടറി സ്കൂളുകളിൽ വച്ച് ഓരോ വിഷയത്തിനും ഓരോ വർഷവും 30 മണിക്കൂർ സമ്പർക്ക ക്ലാസ്സുകൾ നൽകി വരുന്നു. പ്രാക്ടിക്കൽ ഉള്ള വിഷയങ്ങളിൽ 20 മണിക്കൂർ പ്രാക്ടിക്കൽ ക്ലാസ്സും നൽകി വരുന്നുണ്ട്. സംശയ നിവാരണത്തിനായി സ്വയം പഠന സഹായികളും നൽകിവരുന്നു.

പ്രൈവറ്റ് വിഭാഗത്തിൽ ഹ്യൂമാനിറ്റീസ്, കൊമേഴ്സ് എന്നീ വിഷയങ്ങൾ പഠിക്കുന്നതിന് സൗകര്യമുണ്ട്. ഈ വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് മൂല്യനിർണ്ണയവുമായി ബന്ധപ്പെട്ട് ഓരോ വർഷവും രണ്ടു ദിവസത്തെ മാറിയന്റേഷൻ ക്ലാസ്സുകൾ പരീക്ഷാ കേന്ദ്രങ്ങളിൽ വച്ച് നൽകിവരുന്നു. പാഠപുസ്തകങ്ങൾ വിദ്യാർത്ഥികളുടെ ആവശ്യപ്രകാരം നൽകുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. വിക്ടേഴ്സ് ചാനലിന്റെ സാധ്യത പ്രയോജനപ്പെടുത്തി വിദഗ്ദ്ധരായ അദ്ധ്യാപകർ നേതൃത്വം നൽകുന്ന ദൃശ്യ ക്ലാസ്സുകൾ എല്ലാ ദിവസവും സംപ്രേഷണം ചെയ്തുവരുന്നു. 2010-12 ബാച്ചു മുതൽ ഓപ്പൺ സ്കൂൾ രജിസ്ട്രേഷൻ കൂടുതൽ സൗകര്യത്തിനായി പൂർണ്ണമായും ഓൺലൈൻ മുഖേന ആക്കിയിട്ടുണ്ട്.

(ബി) 85 പേർ. വിശദവിവരങ്ങൾ അനുബന്ധമായി കൊടുത്തിരിക്കുന്നു.*

(സി) ഇല്ല. പഠിതാക്കളിൽ നിന്നും ഫീസ് ഇനത്തിൽ ലഭിക്കുന്ന തുക ഉപയോഗിച്ചാണ് ഓപ്പൺ സ്കൂൾ പ്രവർത്തിക്കുന്നത്.

**റെഗുലർ സ്കൂളുകളിൽ അഡ്മിഷൻ ലഭിക്കാത്ത വിദ്യാർത്ഥികൾക്ക് ഹയർ സെക്കണ്ടറി കോഴ്സിന് തുടർപഠനത്തിന് സൗകര്യങ്ങൾ**

**60(749)** ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഹയർ സെക്കണ്ടറി കോഴ്സിന് റെഗുലർ സ്കൂളുകളിൽ അഡ്മിഷൻ ലഭിക്കാത്ത വിദ്യാർത്ഥികൾക്ക് ഹയർ സെക്കണ്ടറി കോഴ്സിന് തുടർ പഠനത്തിന് ഒരുക്കിയിട്ടുള്ള സൗകര്യങ്ങൾ വ്യക്തമാക്കുമോ ;

(ബി) ഇപ്രകാരം 2000 മുതൽ 2011 വരെ എത്ര വിദ്യാർത്ഥികൾ ഓരോ വർഷവും രജിസ്റ്റർ ചെയ്തുവെന്നുള്ള കണക്ക് നൽകുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് ഹയർ സെക്കണ്ടറി കോഴ്സിന് റെഗുലർ സ്കൂളുകളിൽ അഡ്മിഷൻ ലഭിക്കാത്ത വിദ്യാർത്ഥികൾക്ക് ഹയർ സെക്കണ്ടറി കോഴ്സ് പഠനം സാദ്ധ്യമാക്കുന്നതിന് കേരള സ്റ്റേറ്റ് ഓപ്പൺ സ്കൂൾ വഴി സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. കേരള സ്റ്റേറ്റ് ഓപ്പൺ സ്കൂളിൽ ഓപ്പൺ റെഗുലർ, പ്രൈവറ്റ് എന്നീ രണ്ട് വിഭാഗങ്ങളിലായി രജിസ്ട്രേഷന് സൗകര്യമുണ്ട്. ഓപ്പൺ റെഗുലർ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

വിഭാഗത്തിൽ സയൻസ് ഉൾപ്പെടെയുള്ള സബ്ജക്ട് കോമ്പിനേഷനുകൾ പഠിക്കാവുന്നതാണ്. ഇത്തരത്തിൽ രജിസ്റ്റർ ചെയ്യുന്ന പഠിതാക്കൾക്ക് ഓരോ ജില്ലയിലും പഠന കേന്ദ്രങ്ങളായി തെരഞ്ഞെടുക്കപ്പെടുന്ന ഹയർ സെക്കണ്ടറി സ്കൂളുകളിൽ വച്ച് ഓരോ വിഷയത്തിനും ഓരോ വർഷവും 30 മണിക്കൂർ സമ്പർക്ക ക്ലാസ്സുകൾ നൽകി വരുന്നു. പ്രാക്ടിക്കൽ ഉള്ള വിഷയങ്ങളിൽ 20 മണിക്കൂർ പ്രാക്ടിക്കൽ ക്ലാസ്സും നൽകി വരുന്നുണ്ട്. സംശയ നിവാരണത്തിനായി സ്വയം പഠന സഹായികളും നൽകിവരുന്നു. പ്രൈവറ്റ് വിഭാഗത്തിൽ ഹ്യൂമാനിറ്റീസ്, കൊമേഴ്സ് എന്നീ വിഷയങ്ങൾ പഠിക്കുന്നതിന് സൗകര്യമുണ്ട്. ഈ വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് മൂല്യനിർണ്ണയവുമായി ബന്ധപ്പെട്ട് ഓരോ വർഷവും രണ്ടു ദിവസത്തെ ഓറിയന്റേഷൻ ക്ലാസ്സുകൾ പരീക്ഷാ കേന്ദ്രങ്ങളിൽ വച്ച് നൽകി വരുന്നു. പാഠപുസ്തകങ്ങൾ വിദ്യാർത്ഥികളുടെ ആവശ്യപ്രകാരം നൽകുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

വിക്ടേഴ്സ് ചാനലിന്റെ സാധ്യത പ്രയോജനപ്പെടുത്തി വിദഗ്ദ്ധരായ അദ്ധ്യാപകർ നേതൃത്വം നൽകുന്ന ദൃശ്യ ക്ലാസ്സുകൾ എല്ലാ ദിവസവും സംപ്രേഷണം ചെയ്തുവരുന്നു. 2010-12 ബാച്ചു മുതൽ ഓപ്പൺ സ്കൂൾ രജിസ്ട്രേഷൻ കൂടുതൽ സൗകര്യത്തിനായി പൂർണ്ണമായും ഓൺലൈൻ മുഖേന ആക്കിയിട്ടുണ്ട്.

(ബി) അനുബന്ധമായി കൊടുത്തിരിക്കുന്നു.*

**ഹയർ സെക്കണ്ടറി മേഖലയിലെ വിദ്യാഭ്യാസ പുരോഗതി**

6(750) ശ്രീ. സി. കെ. പി. പത്മനാഭൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഹയർ സെക്കണ്ടറി മേഖലയിൽ എത്ര പുതിയ സ്കൂളുകൾ ആരംഭിച്ചിട്ടുണ്ട് ;

(ബി) ഇതിന്റെ ഭാഗമായി എത്ര കുട്ടികൾക്ക് പുതിയതായി പഠിക്കുന്നതിനുള്ള അവസരം ലഭ്യമായിട്ടുണ്ട് ?

ഉത്തരം

(എ) എയ്ഡഡ് മേഖല-162 ഗവൺമെന്റ് -63, അൺ എയ്ഡഡ് മേഖല-22 എന്നിങ്ങനെ 247 ഹയർ സെക്കണ്ടറി സ്കൂളുകൾ അനുവദിച്ചിട്ടുണ്ട്.

(ബി) എയ്ഡഡ് മേഖലയിൽ 16350 സീറ്റുകളും ഗവൺമെന്റ് മേഖലയിൽ 9700 സീറ്റുകളും അൺ എയ്ഡഡ് മേഖലയിൽ 2200 സീറ്റുകളും ഉണ്ടായിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly